കേവലം മറെറാരു ഡിപ്പാർട്ടുമെൻറോ കോർപ്പറേഷനോ ഒക്കെയായി മാറുന്ന ഒരു ബ്യൂറോക്രാററിക് ചട്ടക്കൂടല്ല എൻെറ സങ്കൽപ്പത്തിലുള്ളത്. നേരേമറിച്ച്, പ്രഗത്ഭരും പ്രശസ്തരുമായ ധനകാര്യ വിദഗ്ദ്ധരും കാർഷിക ശാസ്ത്രജ്ഞരും ഭരണതന്ത്രജ്ഞരും അടങ്ങുന്ന ഒരു ഉന്നത സംവിധാനമാണ്. സംസ്ഥാനത്തിൻെറ കാർഷിക സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായിത്തീരേണ്ട നെക്കൃഷി സമുദ്ധരിക്കുന്നതിനുള്ള ബൃഹത്തായ പരിപാടികൾ ആവിഷ്ക്കരിക്കാൻ ഈ സമിതിക്കുകഴിയണം. ഈ ലക്ഷ്യം മുൻനിർത്തി പഠിക്കാനും ചിന്തിക്കാനും പ്രവർത്തിക്കാനും സ്വാതന്ത്ര്യമുള്ള ഒരു നെൽക്കൃഷിവികസന അതോറിറി രൂപീകരിക്കുന്നതാണ്. അതിൻെറ പ്രാരംഭപ്രവർത്തങ്ങൾക്കായി 1986-87-ൽ ഒരു കോടി രൂപ മാററിവയ്ക്കുന്നു.

തൊഴിലാളി ക്ഷേമനിധി

51. സാമ്പത്തിക ക്ലേശമനുഭവിക്കുന്ന കർഷകത്തൊഴിലാളികളുടെയും ഇതര ഗ്രാമീണ തൊഴിലാളികളുടെയും ഉന്നമനം ഒരു ക്ഷേമരാഷ്ട്രത്തിൻെറ ഏറെറവും വലിയ ചുമതലയാണ്. നിലവിലുള്ള കർഷകത്തൊഴിലാളി പെൻഷൻ പദ്ധതി ഈ ലക്ഷ്യത്തിലേക്കുള്ള ഒരു സുപ്രധാന കാൽവയ്പായിരുന്നു. അതോടൊപ്പം മറുവിഭാഗം തൊഴിലാളികൾക്കുകൂടി ആശ്വാസം നൽകുന്നതിന് ഒരു ക്ഷേമ പദ്ധതി ഏർപ്പെടുത്തേണ്ടതു് ആവശ്യമാണെന്ന്, ഗവൺമെൻറ് കരുതുന്നു. അതിനാൽ 18 വയസ്സിനും 58 വയസ്സിനും മദ്ധ്യേ പ്രായവും 3,000 രൂപയിൽ കവിയാത്ത വാർഷിക വരുമാനവുമുള്ള ഗ്രാമീണ തൊഴിലാളികൾക്ക് മൊത്തത്തിൽ പ്രയോജനം ലഭിക്കത്തക്കവിധം ഒരു ക്ഷേമ പദ്ധതി നടപ്പാക്കുന്നതാണ്. ഈ പട്ടികപാടി പ്രകാരം രൂപീകരിക്കുന്ന നിധിയിൽ പ്രതിമാസം ഓരോ ഗ്രാമീണ തൊഴിലാളിയും അഞ്ചുരൂപ നിരക്കിൽ നിക്ഷേപിക്കേണ്ടതാണ്. ആ തുകയുടെ അഞ്ചിലൊന്ന് ഗവൺമെൻറിൻെറ വിഹിതമായി പ്രസ്തുത നിധിയിലേക്ക് സംഭാവന ചെയ്യും. ഇപ്രകാരം 40 വർഷത്തെ തുടർച്ചയായ നിക്ഷേപത്തിനുശേഷം പദ്ധതിയിൽനിന്നും വിരമിക്കുന്ന ഓരോ തൊഴിലാളിക്കും 50,000 രൂപ നിധിയിൽനിന്നു ലഭിക്കുന്നതായിരിക്കും. നിക്ഷേപകൻ ഇടയ്ക്കുവച്ചു സ്വമേധയാ പദ്ധതിയിൽനിന്നു വിരമിക്കുന്ന പക്ഷം ആ ആളിൻെറ നിക്ഷേപത്തിന് ആനുപാതികമായി അർഹതയുള്ള തുക നൽകുന്നതായിരിക്കും. പദ്ധതിയിൽ ചേർന്ന് ഒരു വർഷമെങ്കിലും നിക്ഷേപം നടത്തുന്നവർക്കു മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. സുപ്രധാനമായ ഈ സാമൂഹ്യ സുരക്ഷിതത്വപദ്ധതിയുടെ നിർവഹണം ഗ്രാമീണ ബാങ്കുകളുടേയും സർവ്വീസ് ബാങ്കുകളുടേയും ദേശസാൽകൃത ബാങ്കുകളുടെയും സഹകരണത്തോടെ നടത്തുവാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. പദ്ധതിയിൽ ചേരുന്ന അംഗങ്ങൾ ബന്ധപ്പെട്ട ബാങ്കിംഗ് സ്ഥാപനത്തിൽ തങ്ങളുടെ വിഹിതം നിക്ഷേപിക്കേണ്ടതും ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾവഴി വിതരണം ചെയ്യുന്നതുമാണ്. ഗ്രാമീണ തൊഴിലാളിക്ക് ജീവിതസുരക്ഷിതത്വം പ്രദാനം ചെയ്യുന്ന ഈ നിധി മുഖേന പത്ത് ലക്ഷം തൊഴിലാളി കുടുംബങ്ങൾക്കെങ്കിലും പ്രയോജനം ലഭിക്കുമെന്ന് ഗവൺമെൻറ് പ്രത്യാശിക്കുന്നു. ഇതിലേക്ക് ഒരു കോടി രൂപ മാറിവയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly